**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **08-10-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷം സുരക്ഷിതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നൂറുദിന കർമ്മപരിപാടിയിൽ സുഭിക്ഷം സുരക്ഷിതം പദ്ധതിക്ക് കൈവരിക്കാനായ നേട്ടം അറിയിക്കാമോ; | (എ) | നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ വസ്തുക്കൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യം മുന്നോട്ട് വച്ചുകൊണ്ടാണ് സുഭിക്ഷം സുരക്ഷിതം എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. പദ്ധതിയിൻ കീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി ആകെ 23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ കാർഷിക കൂട്ടായ്മകളിലൂടെ (FIG) ജൈവ ഉല്പാദനോപാധികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു.. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും സാധിച്ചു, ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കി വരുന്നു. ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനങ്ങൾ നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ |

| | | | |
|---|---|---|---|
| | | | ഉല്പാദന രീതികൾ മറ്റ് കർഷകർക്ക് പകർന്ന് നൽകുന്നതിനും സാധിച്ചു. . |
| (ബി) | പദ്ധതിയുടെ ഭാഗമായി ജൈവകൃഷി എത്ര വിസ്തൃതിയിൽ നടപ്പാക്കുന്നതിനാണുദ്ദേശിക്കുന്നത്; നിലവിൽ എത്ര സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്; | (ബി) | നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ വസ്തുക്കൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യം മുന്നോട്ട് വച്ചുകൊണ്ടാണ് സുഭിക്ഷം സുരക്ഷിതം എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. പദ്ധതിയിൻ കീഴിൽ ഈ വർഷം 84000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 14 ജില്ലകളിലായി ആകെ 23566 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ കാർഷിക കൂട്ടായ്മകളിലൂടെ (FIG) ജൈവ ഉല്പാദനോപാധികളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചു.. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും സാധിച്ചു, ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നടപ്പിലാക്കി വരുന്നു. ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുത്ത ഹൈ പവർ കമ്മിറ്റിയിലെ കർഷക പ്രതിനിധികൾക്ക് പരിശീലനങ്ങൾ നൽകുകയും ഇവരിലൂടെ പദ്ധതിയിൽ ഉല്പാദിപ്പിക്കേണ്ട ജൈവ കൂട്ടുകളുടെ ഉല്പാദന രീതികൾ മറ്റ് കർഷകർക്ക് പകർന്ന് നൽകുന്നതിനും സാധിച്ചു. . |
| (സി) | ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷനും ഉല്പാദനചെലവിനനുസരിച്ച് ഉയർന്ന വിലയും ലഭ്യമാക്കുന്നതിനായി ഷോപ്പുകൾ വഴിയും ഓൺലൈനായും വിപണനത്തിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും സർട്ടിഫിക്കേഷനും വേണ്ടി ടി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ് ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് പി.ജി.എസ് ഇന്ത്യാ ഗ്രീൻ സർട്ടിഫിക്കറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നു. ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞ് പി.ജി.എസ് ഓർഗാനിക് സർട്ടിഫിക്കറ്റും സൗജന്യമായി നൽകുന്നു. പി.ജി.എസ് |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫിക്കേഷൻ ആണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കേറ്റ് ലഭിക്കും. പി.ജി.എസ് സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ Jaivik Kheti (www.jaivikkheti.in) പോർട്ടൽ വഴി ആരംഭ ഘട്ടത്തിൽ തന്നെ വില്പന നടത്താനും ഉപഭോക്താക്കൾക്ക് വാങ്ങുവാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുവാനുള്ള അവസരം ഇ-വിപണിയിലൂടെ സാധ്യമാകുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കർഷകർക്കും സർട്ടിഫിക്കേഷൻ ലഭിക്കുകയും, സർട്ടിഫിക്കറ്റിൽ ലഭിക്കുന്ന "ലോഗോ"യും കോഡ് നമ്പറും വിപണി ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനുള്ള അവകാശം ലഭിക്കുകയും ചെയ്യും. മേൽ പറഞ്ഞവയുടെ പൂർണ്ണത കൈവരിക്കപ്പെടുന്നത് "പി.ജി.എസ് ഇന്ത്യ ഓർഗാനിക്" എന്ന സർട്ടിഫിക്കേഷൻ ലഭിക്കുമ്പോളാണ്. ആയതിനാൽ"പി.ജി.എസ് ഇന്ത്യ ഓർഗാനിക്" ഉൽപന്നങ്ങൾക്ക് "പി. ജി. എസ് ഇന്ത്യ ഗ്രീൻ" ഉൽപന്നങ്ങളേക്കാൾ കൂടുതൽ വില ലഭിക്കും. ഓണ കാലയളവിൽ ടി കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ സുഭിക്ഷം സുരക്ഷിതം എന്ന പേരിൽ ബ്രാൻഡ് ചെയ്ത് ഇക്കോഷോപ്പുകൾ , ആഴ്ച ചന്ത , ഓണ മാർക്കറ്റ് എന്നിവിടങ്ങളിലൂടെ വിപണനം നടത്തിയിരുന്നു. കൂടാതെ കൃഷി വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വിപണികളിലും പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ